MMB Newsletter

Vol. 4, Issue 6 October - December 2024

## CHRISTMAS MESSAGE - 2024



My dear Brethren,

Christmas of 2024 arrives with new hopes and many challenges of our times. Now, again, we recall the God who became a baby and was born for us all. Once again, the unconditional Love of God the Father gives us the gift of His Son Jesus, who comes to enrich our human poverty with His richness, to relieve the suffering of the world, to give hope of peace, to increase the joy of the encounter with Him and with one another.

Mary welcomed God's project with her unconditional "Fiat" and became the first to walk the new path. At this Christmas, let us contemplate the two scenes of Jesus in her lap – baby Jesus and the pieta – and learn to walk forth with audacity.

At Christmas time, I am always aware that there can be both joys and struggles. There is joy in feasting and celebrating with family, friends and the community of the Church.

There can also be struggles for those who are alone, separated from family or the community, and for those who have lost loved ones.

Let us enjoy these Christmas season also without forgetting those who are most in need of our help, of the charity of a gesture, of a good word... then the Word will continue to settle down in our families and communities and it will make sense to wish us a Merry Christmas!

May every blessing of the Child Jesus come upon you, your communities and your families this Christmas and may the love and the joy and the peace of Christ be with you all and always.

Yours in Child Jesus,

**Bro. Bastin Karuvelil MMB**
Superior General

## അവാർഡുകളുടെ തിളക്കവുമായി എമ്മാവൂസ് വില്ല



**തോണിച്ചാൽ:** ഭിന്നശേഷി പരിശീലന, പുനരധിവാസ മേഖലയിൽ പ്രശംസനീയമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന മാനന്തവാടിയിലെ തോണിച്ചാലിൽ പ്രവർത്തിക്കുന്ന എമ്മാവൂസ് വില്ല സംസ്ഥാനത്തെ ഈ വർഷത്തെ ബെസ്റ്റ് സ്പെഷൽ സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു. തൃശൂരിൽ വച്ച് നടന്ന ഭിന്നശേഷി ദിനാചരണ പരിപാടിയിൽ ഉന്നതവിദ്യാഭ്യാസ സാമൂഹ്യക്ഷേമവകുപ്പുമന്ത്രി പ്രൊഫ. ആർ. ബിന്ദുവിൽനിന്ന് മാനേജർ ബ്രദർ പോളി തൃശ്ശോക്കാരൻ എം. എം. ബി. യും പ്രിൻസിപ്പൽ സിസ്റ്റർ ജെസ്സി ഫ്രാൻസിസ് എഫ്. സി. സി. യും സ്റ്റാഫ് അംഗങ്ങളും വിദ്യാർത്ഥികളും കൂടി അവാർഡ് ഏറ്റുവാങ്ങി.

മലബാർ മിഷനറി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ 1980-ലാണ് എമ്മാവൂസ് വില്ലയ്ക്ക് തുടക്കം കുറിച്ചത്. ഏതാനും കുട്ടികളുമായി പ്രവർത്തനം ആരംഭിച്ച വിദ്യാലയത്തിൽ ഇന്ന് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള 120 കുട്ടികളാണ് പഠനപരിശീലനം നേടുന്നത്. ഇതിലെ ഏറെപേരും റസിഡൻഷ്യൽ വിദ്യാർത്ഥികളാണ്. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, ഫിസിക്കൽ എജുക്കേഷൻ, യോഗ, കൗൺസിലിംഗ്, തൊഴിൽ പരിശീലനം എന്നിവ ഇവിടെ കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിവിധ സന്യാസി



PRECEPTS OF THE FOUNDER

**"Do not live with fear of anybody but live in love with everybody".**



**Msgr. Zacharias Vazhappilly**
MMB Founder

നീസമൂഹങ്ങളിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സും ഇന്നിവിടെ സ്നേഹമനുഷ്ഠിക്കുന്നുണ്ട്. എം. എ.ം ബി. യുടെ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റ് തോമസ് പ്രൊവിൻസാണ് ഇന്ന് എമ്മാവൂസ് വില്ലയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

**എറണാകുളം :** അങ്കമാലി അതിരൂപതയുടെ സഹൃദയ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വജ്ര ജൂബിലിയോടനുബന്ധിച്ച് നൽകിയ സംസ്ഥാനത്തെ ഏറ്റവും നല്ല ഭിന്നശേഷി പരിശീലന പുനരധിവാസ കേന്ദ്രത്തിനായുള്ള അവാർഡിനും ഈ വർഷം എമ്മാവൂസ് വില്ല അർഹയായി. എറണാകുളത്തുവച്ച്നടന്ന അവാർഡുദാനചടങ്ങിൽവച്ച് മാർ തോമസ് ചക്യാത്ത് പിതാവിൽനിന്നും എം. എം. ബി. സെന്റ് തോമസ് പ്രൊവിൻസിന്റെ സാമൂഹ്യക്ഷേമവിഭാഗം കൗൺസിലർ ബ്രദർ കുര്യാക്കോസ് ചുണ്ടേലിക്കാട്ടും സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ജെസ്സി ഫ്രാൻസിസും മറ്റ് സ്റ്റാഫംഗങ്ങളും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

എം. എം. ബി. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ, പ്രൊവിൻഷ്യൽ സുപ്പീരിയർമാരായ ബ്രദർ ജോസ് ചുങ്കത്ത്, ബ്രദർ സോജൻ പൈകട, ജനറൽ കൗൺസിലേഴ്സ്, പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് എന്നിവർ അവാർഡ് ജേതാക്കളെ അഭിനന്ദിച്ചു.

# CELEBRATED THE DAY FOR THE DIFFERENTLY ABLED

**Jhansi:** International Day of people with disability (December 3) is an international observance promoted by the United Nation since 1992. The observance of the day aims to promote an understanding of disability issues and mobilize support for the dignity, rights and wellbeing of the persons with disabilities. It also seeks to increase awareness of gains to be derived from the integration of the persons with disabilities in every aspect of the political, social, economic and cultural life.

December 3rd was the day of happiness and enthusiasm for Arunodaya special School. They celebrated the day colorfully with different programs and competitions where the children could realize their hidden talents and abilities which they could cope up with other children. Very Rev. Dr. Peter Paruppilly, bishop of the diocese of Jhansi inaugurated the day by lighting the lamp. Most Rev. Wilfred Moras, Coadjutor, Bishop of Jhansi, was the Guest of Honour and Very Rev. Bro. Sojan Paikada MMB, provincial superior of the MMB Assisi Province, Bhopal was the special Guest. They distributed the prizes.



Rev. Fr. Julian, director JCSS, Rev. Fr. Dominic, Parish Priest and Rotarian Mr. Tejendre Singh, president of the Rotary club of Jhansi felicitated the students and the staff. The day witnessed varieties of programs with help and collaboration of the neighboring religious communities and the Fathers of Heralds of Good News. Their encouragement and support made children more enthusiastic and competitive with real sportsmanship. Bishop Peter & Bro. Sojan distributed the cash awards to the parents. Very Rev. Bro. Sunnylal MMB, principal welcomed the guests and Bro. Bosco MMB, manager expressed his gratitude to all.

# നവീകരണ സെമിനാർ



**മരിയാപുരം:** രജതജൂബിലി ആഘോഷിക്കുന്ന സെന്റ് തോമസ് പ്രൊവിൻസിന്റെ നേതൃത്വത്തിൽ ബ്രദേഴ്സിനായി രണ്ട് ദിവസത്തെ സെമിനാർ വിവിധ ബാച്ചുകളിലായി സംഘടിപ്പിക്കുകയുണ്ടായി. പ്രൊവിൻഷ്യൽഹൗസിൽ വച്ച് നടത്തപ്പെട്ട ഈ സെമിനാർ ദീപം തെളിയിച്ച് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ബ്രദർ ജോസ് ചുങ്കത്ത് ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളെ ആധാരമാക്കി റവ. സി. ജൂലിയറ്റ് സി. എം. സി., റവ. ഫാ. അലക്സ് മരോട്ടിക്കൽ, റവ. സി. ശോഭിത സി. എസ്. എം., റവ. ഫാ. മത്തായി അക്കര കപ്പൂച്ചിൻ, റവ. സി. അമൂല്യ സി. എസ്. സി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഇതോടനുബന്ധിച്ച് ഉല്ലാസയാത്രയും സംഘടിപ്പിക്കുകയുണ്ടായി. സെന്റ് തോമസ് പ്രൊവിൻസിലെ മുഴുവൻ സഹോദരന്മാരും അസ്സീസി പ്രൊവിൻസിലെ ഏതാനും ബ്രദേഴ്സും നവീകരണ സെമിനാറുകളിൽ സംബന്ധിച്ചു.

# മോൺസിഞ്ഞോർ സക്കറിയാസ് വാഴപ്പിള്ളിയുടെ 35–ാം ചരമദിനാചരണം



**ഇരിഞ്ഞാലക്കുട:** മലബാർ മിഷനറി ബ്രദേഴ്സ് സന്യാസസമൂഹത്തിന്റെ സ്ഥാപകനായ മോൺസിഞ്ഞോർ സക്കറിയാസ് വാഴപ്പിള്ളിയുടെ 35-ാം ചരമവാർഷികം അദ്ദേഹത്തിന്റെ കബറിടം സ്ഥിതി ചെയ്യുന്ന ഇരിങ്ങാലക്കുട ദൈവപരിപാലന ഭവനത്തിലെ ദേവാലയത്തിൽ ആചരിക്കുകയുണ്ടായി. അനുസ്മരണ ബലിക്ക് ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ മുഖ്യകാർമ്മികത്വം വഹിച്ചു. അനേകം വൈദികർ സഹകാർമ്മികരായി. തുടർന്നു നടന്ന മരിച്ചവർക്കുവേണ്ടിയുള്ള തിരുകർമ്മങ്ങൾക്കും അഭിവന്ദ്യ പിതാവ് നേതൃത്വം നൽകി. എം.എം.ബി. സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ അനുസ്മരണ പ്രഭാഷണം നടത്തുകയും ഏവർക്കും സ്വാഗതമാശംസിക്കുകയും ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് മോൺ. സക്കറിയാസ് വാഴപ്പിള്ളിയുടെ സുകൃതജീവിത വഴികളെ വിവരിക്കുകയും ഏവർക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.

**മരിയാപുരം:** മലബാർ മിഷനറി ബ്രദേഴ്സിന്റെ മാതൃഭവനമായ മരിയാപുരത്തെ മിഷൻ ഹോം ദേവാലയത്തിലും അനുസ്മരണ ബലിയും പ്രാർത്ഥനാ ശുശ്രൂഷകളും നടത്തുകയുണ്ടായി.

# ബ്രദർ ലൂയിസ് മഞ്ഞളി അനുസ്മരണം

**മരിയാപുരം:** മലബാർ മിഷനറി ബ്രദേഴ്സ് സന്യാസസമൂഹത്തിലെ പ്രഥമ ബാച്ച് അംഗവും മുൻ സുപ്പീരിയർ ജനറലുമായിരുന്ന ബ്രദർ ലൂയിസ് മഞ്ഞളിയുടെ 13-ാം ചരമവാർഷികം ആചരിച്ചു. അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന മരിയാപുരം മിഷൻ ഹോം ദേവാലയത്തിൽ നടന്ന അനുസ്മരണ ബലിക്ക് മിഷൻ ഹോം ആദ്ധ്യാത്മക പിതാവ് റവ. ഫാദർ ജോസ് ഐനിക്കൽ നേതൃത്വം നൽകി. കബറിടത്തിൽ സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് എന്നിവരെ കൂടാതെ അനേകം സഹോദരന്മാർ ആദരാഞ്ജലി അർപ്പിച്ചു.

**വെണ്ടോർ:** ബ്രദർ ലൂയിസ് മഞ്ഞളിയുടെ ഇടവകയിൽ നടന്ന അനുസ്മരണത്തിന് ബ്രദർ ലൂയിസ് മഞ്ഞളി സ്മാരക സമിതി നേതൃത്വം നൽകി. അനുസ്മരണ ദിവ്യബലിക്കുശേഷം നടന്ന അനുസ്മരണ സമ്മേളനം തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്തു. ‘‘നിരവധിയാളുകൾ മരണംമൂലം വേർപ്പെട്ടുപോയിട്ടുണ്ടെങ്കിലും ചിലയാളുകളുടെ സ്മരണ വഴികാട്ടികളും ദീപസ്തംഭങ്ങളുമായി നിരന്തരം നില



കൊള്ളുമെന്നും അത്തരമൊരു മഹദ്വ്യക്തിയായിരുന്നു ബ്രദർ ലൂയിസ് മഞ്ഞളിയെന്നും’’ അദ്ദേഹം പ്രസ്താവിച്ചു. എം.എം.ബി. സമൂഹത്തിന്റെ വളർച്ചയിൽ മാത്രമല്ല, നിരവധി സാഹിത്യകാരന്മാരെ വളർത്തികൊണ്ടുവരുന്നതിലും ബ്രദർ മഞ്ഞളി പങ്കുവഹിച്ചെന്ന് അനുസ്മരണ പ്രഭാഷണം നടത്തിയ എം.എം.ബി. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ അഭിപ്രായപ്പെട്ടു. റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ അനുസ്മരണ സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. പ്രൊഫ. വി. എ. വർഗ്ഗീസ്, സിസ്റ്റർ ടെസ്സി, ബേബി മൂക്കൻ, അഡ്വ. ജോസി ജോണി, റവ. ഫാ. സെൽവിൻ തട്ടിൽ എന്നിവർ ബ്രദർ മഞ്ഞളിയെ അനുസ്മരിച്ച് സംസാരിച്ചു.

# സ്പെഷൽ ജനറൽ സിനാക്സിസ്





**മരത്താക്കര:** രണ്ടായിരത്തിൽ നവീകരിച്ച് പ്രസിദ്ധപ്പെടുത്തിയ എം.എം.ബി.യുടെ നിയമാവലി നവീകരണമെന്ന ലക്ഷ്യത്തോടെ എം.എം.ബി.യുടെ സ്പെഷൻ ജനറൽ സിനാക്സിസ് ഒക്ടോബർ 25 മുതൽ 30 വരെ മരത്താക്കരയിലെ എം.എം.ബി. ജനറലേറ്റിൽവച്ച് ചേരുകയുണ്ടായി. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിലും പ്രൊവിൻഷ്യൽ സുപ്പീരിയർമാരായ ബ്രദർ ജോസ് ചുങ്കത്തും ബ്രദർ സോജൻ പൈകടയും തിരി തെളിയിച്ച് സിനാക്സിസ് ഉദ്ഘാടനം ചെയ്തു.

# 25, 13 മണിക്കൂർ ആരാധനകൾ

**മരത്താക്കര:** എം.എം.ബി.യുടെ പ്രോവിൻസുകൾ രൂപീകൃതമായിട്ട് 25 വർഷം പൂർത്തിയാവുകയാണ്. ഈ രജത ജൂബിലി വർഷത്തിൽ ഇതുവരെ പ്രോവിൻസുകൾക്കു നൽകിയ നന്മകൾക്ക് കൃതജ്ഞതയർപ്പിക്കുന്നതിനായി മരത്താക്കരയിലെ എം.എം.ബി. ജനറലേറ്റിൽവച്ച് ഒക്ടോബർ 25, 26 തീയതികളിലായി 25 മണിക്കൂർ ആരാധന നടത്തി. മരത്താക്കര അമലോത്ഭവ മാതാ പള്ളി വികാരി റവ. ഫാ. ജോബ് വടക്കൻ അർപ്പിച്ച ദിവ്യബലിയോടെ 25 മണിക്കൂർ ആരാധനയ്ക്ക് തുടക്കം കുറിച്ചു. 26-ാം തീയതി വൈകിട്ട് തൃശൂർ അതിരൂപതാ വികാരി ജനറൽ മോൺസിഞ്ഞോർ ജോസ് വള്ളൂരാൻ ആരാധനയുടെ സമാപന തിരുകർമ്മങ്ങളിലും ദിവ്യബലിയിലും മുഖ്യ കാർമ്മികത്വം വഹിച്ചു. സ്പെഷൽ ജനറൽ സിനാക്സിസിൽ സംബന്ധിച്ചുകൊണ്ടിരുന്ന ബ്രദേഴ്സ് വിവിധ മണിക്കൂറുകളിൽ ആരാധനയ്ക്ക് നേതൃത്വം നൽകി.






## Remembrance

### January

| | | |
|---|---|---|
| 01 | Bro. Jesudas Choondal | F |
| 03 | Bro. Kuriakose Chundelikkattu | F |
| 09 | Bro. Felix Vithayathil | D |
| 19 | Bro. Alphonse Peedikayil | D |
| 20 | Bro. Bastin Karuvelil | F |
| | Bro. Devaraj Plackayil | F |
| | Bro. Shajan Panachikkal | F |
| | Bro. Sebastin Kallukeerthottiyil | F |
| 31 | Bro. Bosco Nellamkuzhiyil | F |

### February

| | | |
|---|---|---|
| 4 | Bro. Gilbert Edassery | F |
| 6 | Bro. Gonsalo Porathukaran | F |
| 21 | Bro. Damien Puthur | F |

F - Feast Day B - Birthday D - Death Anniversary

Published by the Department of Public Relations, **MMB Generalate, Marathakkara**
Thrissur – 680 306 Kerala - India. Phone: 0487 2355203. email: mmbgeneralate@gmail.com
Chief Editor: **Bro. Paulose Arumbuparambil** | Sub-Editors: **Bro. Francis Pynadath** | **Bro. Fidelis Kaprayil**

*Design and layout*: **Union Press**
Mariapuram, Thrissur, Kerala, India
mmboffset1@gmail.com | 9605 015 095